# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1090**

**12.07.2016 - ൽ മറുപടിക്ക്**

### റാങ്ക് ലിസ്റ്റ്

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ ഫാമുകളിൽ 2010-ൽ തൊഴിലാളികളെ എടുക്കുന്നതിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് ഭരണ സ്വാധീനം ഉപയോഗിച്ച് തടഞ്ഞുവെന്ന ആക്ഷേപവും 16/5/2013 ന് ഹൈക്കോടതി വിധിയെ ത്തുടർന്ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച വിവരവും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) 07/06/2010 തിയ്യതിയിൽ കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ സ്റ്റേഷൻ മേധാവികളെ കാഷ്വൽ തൊഴിലാളി തിരഞ്ഞെടുപ്പ് നടത്തുന്നതിനായി വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷ ക്ഷണിക്കാനായി നിർദ്ദേശിക്കുകയും നടപടികൾ പൂർത്തിയാക്കി 05/01/2011 മുതൽ 19/03/2011 വരെയുള്ള കാലയളവിൽ തൊഴിലാളികളുടെ തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനായി തീരുമാനിക്കുകയും ചെയ്തിരുന്നു. 2011 ലെ നിയമസഭാ തിരഞ്ഞെടുപ്പിന് വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർന്ന് മാതൃകാ പെരുമാറ്റചട്ടം നിലവിൽ വരുകയും ചെയ്തതിനെ തുടർന്ന് 9 കേന്ദ്രങ്ങളിലെ കാഷ്വൽ തൊഴിലാളി തിരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റചട്ടം ഒഴിവാകുന്നത് വരെ മാറ്റിവെയ്ക്കുകയും ചെയ്തു. തുടർന്ന് നിലവിൽ വന്ന ഭരണസമിതി ശേഷിച്ച കേന്ദ്രങ്ങളിൽ കൂടി കാഷ്വൽ തൊഴിലാളി തിരഞ്ഞെടുപ്പ് പൂർത്തിയാക്കാൻ തീരുമാനിക്കുകയും ബഹു: ഹൈക്കോടതിയുടെ 03/10/2011 ലെ വിധി പരിഗണിച്ച് അപാകതകൾ പരിഹരിച്ച് ഭരണസമിതിയുടെ തീരുമാനപ്രകാരം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തു. |
| ബി) കാലാവധി അവസാനിച്ച പ്രസ്തുത ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ച് നിലവിലുള്ള നാൽപ്പത്തിയഞ്ചോളം ഒഴിവുകൾ നികത്തി റാങ്ക് ഹോൾഡേഴ്സിനെ സഹായിക്കാൻ നടപടികൾ സ്വീകരിക്കുമോ? | ബി) 15/05/2016 ന് കാലാവധി പൂർത്തിയായ 11 കേന്ദ്രങ്ങളിലെ കാഷ്വൽ തൊഴിലാളി സെലക്ട് ലിസ്റ്റുകൾക്ക് സാധുത നൽകി 15/05/2016 മുതൽ ആറുമാസത്തേയ്ക്ക് കാലാവധി ദീർഘിപ്പിക്കുവാൻ 23/06/2016 ലെ സർവ്വകലാശാലയുടെ 544-ാമത് ഭരണസമിതി യോഗം തീരുമാനമെടുത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**